കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മട്ടന്നൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/ബി2-178/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670001.
ഇ-മെയിൽ: lfaddistofficeknr@gmail.com
ഫോൺ: 0497 2707698.

തീയ്യതി : 10-02-2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

ചെയർമാൻ (സെക്രട്ടറി മുഖാന്തിരം)

മട്ടന്നൂർ മുനിസിപ്പാലിറ്റി.

സർ.

വിഷയം : മട്ടന്നൂർ മുനിസിപ്പാലിറ്റി 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള നഗരപാലികാ നിയമം 295(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2015-16 സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം മുനിസിപ്പാലിറ്റിയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ മുനിസിപ്പാലിറ്റി എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക] .

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ വഴി)
2. സെക്രട്ടറി തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. നഗരകാര്യവകുപ്പ് ഡയറക്ടർ, തിരുവന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
5. കാര്യാലയ പകർപ്പ്.

സീയാർ/-

നം.കെ.എസ്.എ/കെ.എൻ.ആർ/ബി2-178/2017. തീയ്യതി : 10-02-2017.

## കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2015-16 സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

മട്ടന്നൂർ മുനിസിപ്പാലിറ്റി 14-10-2015 മുതൽ 31-3-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൽവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 17അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. വർഗ്ഗീസ് ജോസഫ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-1-2017 മുതൽ 31-1-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|
| ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അനൂപ് കെ.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. വനജ മാടത്താങ്കണ്ടി | ഓഡിറ്റർ |
| ശ്രീ. ദിലീപ്. കെ.എൻ | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെർമാൻ | ശ്രീ. കെ. ഭാസ്കരൻ മാസ്റ്റർ | 1-4-2015 മുതൽ 31-3-2016 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. എം. സുരേശൻ. | 1-4-2015 മുതൽ 31-3-2016 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥൻ

| | | |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ. ബിജു. പി.വി. | 1-4-2015മുതൽ11-8-2015വരെ |
| | ശ്രീ. അജിത്ത് കുമാർ. വി | 12-8-2015 മുതൽ 25-9-2015വരെ |
| | ശ്രീമതി. ഷീമ. കെ.വി | 26-9-2015മുതൽ31-3-2016വരെ |
| കൃഷി ഓഫീസർ | ശ്രീ.നാരായണൻ. പി.വി. | 1-4-2015 മുതൽ 31-3-2016വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. ബേബി സുനില.പി.സി. | 1-4-2015 മുതൽ 31-3-2016വരെ |
| മെഡിക്കൽ ഓഫീസർ CHC | ഡോ. സുഷമ | 1-4-2015 മുതൽ 31-3-2016വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ. വീണ. | 1-4-2015 മുതൽ 31-3-2016വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. രാമ അറുമുഖം. | 1-4-2015 മുതൽ 31-3-2016വരെ |
| പ്രോജക്ട് ഓഫീസർ UPA Cell | ശ്രീമതി. അനിത. എം. ജി. | 1-4-2015 മുതൽ 31-3-2016വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ശശിധരൻ. പി. | 1-4-2015 മുതൽ 31-3-2016വരെ |
| എസ്.സി. ഡെവലപ്മെന്റ് ഓഫിസർ | ശ്രീ. ഉണ്ണികൃഷ്ണപ്പിള്ള | 1-4-2015 മുതൽ 31-3-2016വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഡ് സഭ | 1-11 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-12 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല | 2-1 |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് വാടക - അപാകങ്ങൾ | 2-2 |
| 15 | ഡി & ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-3 |
| 16 | മിനി വ്യവസായ എസ്റ്റേറ്റ് - സംരംഭകർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തത് വരുമാനനഷ്ടത്തിന് കാരണമാകുന്നു | 2-4 |

| | | |
|---|---|---|
| 17 | ബസ് സ്റ്റാന്റ് ഫീസ് പിരിവ് - ലേലത്തുകയിൽ ₹1,23,334 അടച്ചിട്ടില്ല. പിഴയീടാക്കുന്നതിൽ ₹8,727 യുടെ കുറവ് | 2-5 |
| 18 | പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തുന്നില്ല | 2-6 |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 19 | എസ് സി കുടുംബങ്ങൾക്ക് സാംസ്കാരിക നിലയം പണിയാൻ ഭൂമി വാങ്ങൽ - അപാകങ്ങൾ ₹28,19,142 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 |
| 20 | പേവിഷ നിയന്ത്രണ പരിപാടി - സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക പണമായി നൽകി | 3-2 |
| 21 | സമഗ്ര വിദ്യാഭ്യാസ പദ്ധതി- നഗരസഭയുടെ ചുമതലയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ചെലവഴിച്ച ₹4,50,000തടസ്സപ്പെടുത്തുന്നു | 3-3 |
| 22 | കേന്ദ്രസഹായം - ചെലവഴിക്കാത്ത തുക സത്വരമായി വിനിയോഗിക്കേണ്ടതാണ് | 3-4 |
| 23 | കേന്ദ്രസഹായം - ചെലവഴിക്കാത്ത തുക സത്വരമായി വിനിയോഗിക്കേണ്ടതാണ് | 3-4 |
| 24 | പൊതു ടാപ്പുകളുടെ വാട്ടർ ചാർജിനത്തിൽ അധികമായി ഒടുക്കിയ ₹15,768യുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-5 |
| 25 | പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് ഇനത്തിൽ പിൻ വലിച്ച തുക അടവാക്കിയില്ല ₹58777യുടെ ചെലവ് നിരാകരിക്കുന്നു. | 3-6 |
| 26 | തെരുവു വിളക്കുകളുടെ പരിപാലനം അപാകങ്ങൾ | 3-7 |
| 27 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹ 10,45,395യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-8 |
| 28 | തുക കൈമാറിയതിന്റെ രേഖകളില്ല - ₹ 1,38,23,058 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-9 |

| | | |
|---|---|---|
| 29 | ബില്ലുകൾ/വൗച്ചറുകൾ ഫയലുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹ 3,15,81,704 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-10 |
| 30 | ഭവന നിർമാണം പൂർത്തിയാകാത്തത് | 3-11 |
| 31 | പാലിയേറ്റീവ് പരിചരണം- പ്രവർത്തന വിശകലനം | 3-12 |
| 32 | അംഗൻവാടികളിൽ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമല്ല | 3-13 |
| 33 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-14 |
| 34 | പെൻഷൻ ഫണ്ട് രൂപീകരണവും പരിപാലനവും | 3-15 |
| ഭാഗം 4 - പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധങ്ങൾ | |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 45 | റസീറ്റ് & പെയ്മെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം2 |
| 46 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം3 |

| 47 | ബാലൻസ് ഷീറ്റ് | അനുബന്ധം4 |
|---|---|---|

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 26-3-2015 ലെ 1 -)o നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 24-10-2016 ലെ 1 -)o നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം ഉള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരം ഉള്ളത് ₹ | വാർഷിക കണക്ക് പ്രകാരം ഉള്ളത് ₹ | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|---|
| | | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 6,53,13,839 | 6,53,13,839 | 8,31,81,553.51 | 17867714.51 | - | 27.36 |
| വരവ് | 30,82,81,000 | 33,70,12,000 | 15,18,55,791 | - | 185156209 | -54.94 |
| ആകെ | 37,35,94,839 | 40,23,25,839 | 23,50,37,344.51 | - | 167288494.49 | -41.58 |
| ചെലവ് | 33,95,09,000 | 30,44,78,000 | 17,49,04,719 | - | 129573281 | -42.56 |
| നീക്കിയിരിപ്പ് | 3,40,85,839 | 97847839 | 6,01,32,625.51 | - | 37715213.49 | -38.54 |

2015-16സാമ്പത്തിക വർഷം അവസാനിച്ച് ആറു മാസം കഴിഞ്ഞതിന് ശേഷമാണ് 2015-16 ലെ പുതുക്കിയ ബജറ്റ് അംഗീകരിച്ചത് എന്നത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു. യഥാർത്ഥത്തിലുള്ള വരവ് ചെലവ് തുകകൾ ബജറ്റ് പ്രകാരമുള്ളതിനെക്കാൾ ഭീമമായ തുകയുടെ അന്തരമുണ്ട് വരുംവർഷങ്ങളിലെ ബജറ്റ് തയ്യാറാക്കുമ്പോൾ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ തിരിച്ചയച്ച | അപാകത |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | തീയതി | തീയതി | തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
| 2015-16 | 31-7-2016 | 30-7-2016 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2015-16 | 31-1-2017 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.

1. വസ്തുനികുതി ഡിമാന്റ് റജിസ്റ്റർ/കുടിശ്ശികഡിമാന്റ് റജിസ്റ്റർഎന്നിവ സൂക്ഷിക്കുന്നില്ല.
2. തൊഴിൽ നികുതിഡിമാന്റ് റജിസ്റ്റർ/കുടിശ്ശികഡിമാന്റ് റജിസ്റ്റർഎന്നിവ സൂക്ഷിക്കുന്നില്ല.
3. ഡി ആന്റ് ഒ ലൈസൻസ് ഫീസ് വാർഷിക സംഗ്രഹം എഴുതി സൂക്ഷിക്കുന്നില്ല
4. ഡി ആന്റ് ഒ ലൈസൻസ് ഫീസ് കലക്ഷൻതുക അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല
5. വാർഷിക കണക്കുകൾക്കൊപ്പം Cash Flow Statement ഉൾപെടുത്തിയില്ല.
6. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിക്കുന്നില്ല.
7. വർഷാവസാനം ബാങ്ക് ട്രഷറി അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
8. ഡെപ്പോസിറ്റ് റജിസ്റ്റർ സൂക്ഷിക്കുന്നില്ല.
9. ചെക്ക് ഇഷ്യൂ റജിസ്റ്റർ സൂക്ഷിക്കുന്നില്ല
10. B5 ഷെഡ്യൂളിലെ ലോൺ തുകകളുടെ ആധികാരിക പരിശോധിക്കാൻ ആവശ്യമായ രേഖകളില്ല.
11. ആസ്തി ബാധ്യതാ റജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
12. വാടക റജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല
13. ക്യാഷ് ബുക്ക് പ്രതിദിനം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
14. ലീസ് റജിസ്റ്റർ വാർഷിക സംഗ്രഹം എഴുതി സൂക്ഷിക്കുന്നില്ല
15. B4 ഷെഡ്യൂളിലെ ബാലൻസ് തുകകൾ ഏത് ഇനത്തിലേതെന്ന് വ്യക്തമല്ല
16. വാർഷിക കണക്കുകളിൽ മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തുന്നില്ല.
17. കേരള അർബൻ ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ ഷെയർ സർട്ടിഫിക്കറ്റ് പ്രകാരമുള്ള സ്ഥിരനിക്ഷേപമായ ₹21,000 വാർഷിക

കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8,31,81,553.51 |
| വരവ് | 15,18,55,791 |
| ആകെ | 23,50,37,344.51 |
| ചെലവ് | 17,49,04,719 |
| നീക്കിയിരിപ്പ് | 6,01,32,625.51 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി ₹ | വരവ് ₹ | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 14954055 | ഇല്ല | 25834351 | 40788406 | 40164471 *623935 (*lapsed) | ഇല്ല |
| വികസനഫണ്ട് എസ്.സി.പി | 3400548 | 3268649 | -3325548 | 3343649 | 3343649 | ഇല്ല |
| വികസനഫണ്ട് ടി.എസ്.പി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1204935 | 5254261 | 638305 | 5820891 | 5820891 | ഇല്ല |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 1677545 | 1080216 | -638305 | 3396066 | 3396066 | ഇല്ല |
| 13-)ംധനകാര്യ കമ്മീഷൻ അവാർഡ് | 4305294 | 25802364 | -14840592 | 15267066 | 15267066 | ഇല്ല |
| എ.യു.ഇ.ജി.എസ്. | 531966 | 293779 | - | 825745 | 815460 | 10285 |
| ബി. ഫണ്ട് | ഇല്ല | 42244110 | - | 42244110 | 42244110 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| ലോകബാങ്ക് സഹായം | 7668211 | 6174628 | -7668211 | 6174628 | 6174628 | ഇല്ല |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 288 | 165010088 | 118 | 84634594 | 39 | 131 | 40.97 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 9900875 | 11591415 | 1690540 | +17.07 |
| നികുതിയേതര വരവുകൾ | 10090633 | 6704836 | 3385797 | -33.55 |
| മറ്റ് വരവുകൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആകെ | 19991508 | 18296251 | 1695257 | -8.48 |

## 1-8 ക്ഷേമപദ്ധതികൾ

2015-16വർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 404880 | 223 |
| കർഷകതൊഴിലാളി പെൻഷൻ | 9409650 | 1237 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 15891920 | 1763 |
| വാർദ്ധക്യകാല പെൻഷൻ | 10060770 | 1306 |
| വികലാംഗ പെൻഷൻ | 3528985 | 337 |
| അവിവാഹിത പെൻഷൻ | 1877840 | 189 |
| വിവാഹ ധനസഹായം | 690000 | 23 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-1-2017 ന് 3.15 p.m മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 50,918 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15-5-2015 | 2014-15 | 1-12-2016 |
| പെർഫോമൻസ് ഓഡിറ്റ് | 25-5-2015 | 2014-15 | 25-2-2016 |

## 1-11 വാർഡ് സഭ

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 42.എ-യിൽ വാർഡ്സഭകളുടെ രൂപീകരണത്തെപ്പറ്റിയും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 03-08-2004 ലെ 22675/എൽ 3/99 നം.സർക്കുലറിൽ വാർഡ്സഭയുടെ സംഘാടനത്തെപ്പറ്റിയും വിശദമാക്കിയിട്ടുണ്ട്. നഗരസഭയിൽ ആകെ 34 വാർഡുകളാണ് ഉള്ളത്. ഇതിൽ ഏതാനും ചില മിനിട്സ് പരിശോധിച്ചതിൽ വാർഡ്സഭകൾ അതിന്റെ യഥാർത്ഥ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല (നിശ്ചിത സമയ പരിധിക്കകം നിർബന്ധമായും ചേർന്നിരിക്കേണ്ട വാർഡ്സഭകൾ കൃത്യമായി നടത്താതിരിക്കുക, പ്രത്യേക വാർഡ്സഭകൾ വിളിച്ചുചേർക്കാതിരിക്കുക, മിനിട്സും തീരുമാനങ്ങളും കൃത്യമായി രേഖപ്പെടുത്താതിരിക്കുക) എന്നു കാണുന്നു. മേൽപ്പറഞ്ഞ വകുപ്പ് അനുസരിച്ച് മൂന്നു മാസത്തിലൊരിക്കലെങ്കിലും വാർഡ് സഭകൾ സമ്മേളിക്കേണ്ടതുണ്ട്. നഗരസഭയിലെ പരിശോധിച്ച വാർഡുകളിൽ 2015-16 വർഷത്തിൽ 2 തവണ മാത്രമാണ് വാർഡ് സഭകൾ ചേർന്നിട്ടുള്ളത്.

വാർഡ് സഭാ മിനിട്സിൽ പൊതുവായിക്കണ്ട മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | വാർഡ് നമ്പർ | യോഗം ചേർന്ന തീയ്യതി | അപാകതകൾ |
|---|---|---|---|
| 1 | 2 | 11-07-2015, 11-02-2016 | കൗൺസിലർ ഒപ്പിട്ട് അധികൃതമാക്കിയിട്ടില്ല, |
| 2 | 2 | 20-08-2015 | 108 പേർ ഒപ്പിട്ടിട്ടുണ്ടെങ്കിലും യോഗം നടന്നിട്ടില്ല, തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 3 | 4 | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല | പേജ് 56 മുതൽ 60 വരെ 175 പേർ ഒപ്പിട്ടിട്ടുണ്ടെങ്കിലും യോഗം നടന്നിട്ടില്ല, തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | 8 | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല | പേജ് 46 മുതൽ 48 വരെ അംഗങ്ങൾ ഒപ്പിട്ടിട്ടുണ്ടെങ്കിലും യോഗം നടന്നിട്ടില്ല, തീരുമാനങ്ങൾ രേഖപ്പെട്ടു ത്തിയിട്ടില്ല. |

വാർഡ് സഭാപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

വാർഡ് സഭകൾ മൂന്ന് മാസത്തിലൊരിക്കൽ താഴെപ്പറയും പ്രകാരം യോഗം ചേരേണ്ടതാണ്.

1. ഒന്നാമത്തെ വാർഡ് സഭ : മുൻവർഷത്തെവികസനപ്രവർത്തനങ്ങളുടെ അവലോകനവും, നടപ്പ് വർഷത്തെ വാർഷികപദ്ധതി നിർദ്ദേശങ്ങളും.
2. രണ്ടാമത്തെ വാർഡ് സഭ : അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ ചർച്ചയും ഗുണഭോക്തൃതെരഞ്ഞെടുപ്പും.
3. മൂന്നാമത്തെ വാർഡ് സഭ: വാർഷികപദ്ധതി നിർവഹണവും, നഗരസഭയിലെ സ്ഥാപനങ്ങളുടെ പ്രവർത്തനവും.
4. നാലാമത്തെ വാർഡ് സഭ : പദ്ധതി പുരോഗതി മോണിട്ടറിംഗും സോഷ്യൽഓഡിറ്റും.

വാർഡ് സഭകളിൽ അനിവാര്യമായി നടക്കേണ്ട ചർച്ചകൾ (ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യൽ, പെൻഷൻ അപേക്ഷകരുടെ നിജസ്ഥിതി പരിശോധിക്കൽ, ദുരിതാശ്വാസനിധി വരവ് ചെലവ് പരിശോധിക്കൽ, പൌരാവകാശരേഖ ചർച്ച ചെയ്യൽ എന്നിവ) ഒരു വാർഡ് സഭയിലും നടക്കുന്നില്ല. ഒരു വാർഡിലും ഒരിക്കൽപോലും പ്രത്യേക വാർഡ് സഭ വിളിച്ചു ചേർത്തിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിട്ടും വാർഡ് സഭാ സംഘാടനത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകിയതായി കാണുന്നില്ല. വാർഡ് സഭാ യോഗങ്ങൾ അതിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്.

## 1-12 ആഭ്യന്തരനിയന്ത്രണം

വികേന്ദ്രീകൃത സംവിധാനത്തിലൂടെ സുശക്തമായ ഭരണകേന്ദ്രമായി മാറിയ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പ്രവർത്തനമികവിന് അടിസ്ഥാനമായി വർത്തിക്കേണ്ടുന്ന ഒന്നാണ്

ആഭ്യന്തരഭരണ നിയന്ത്രണം. നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതായുണ്ട്. മട്ടന്നൂർ നഗരസഭയിലെ ആഭ്യന്തരനിയന്ത്രണം സംബന്ധിച്ച ചില ന്യൂനതകൾ ചുവടെ ചൂണ്ടിക്കാണിക്കുന്നു.

വിശദമായ ജോലി വിഭജന രേഖ ഉൾക്കൊള്ളുന്ന ഓഫീസ് ഓർഡർ ബുക്ക് സൂക്ഷിച്ചിട്ടുണ്ട്. 18.04.2015 മുതൽ 20.02.2016 വരെയുള്ള തീയതികളിൽ 12എണ്ണം ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 2.2.15 ലെ ജി1.5069/98 നം ഉത്തരവ് മാത്രമേ ബന്ധപ്പെട്ട ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളൂ.

02.07.2009 ലെ ജി. ഒ. (എം.എസ്.) 123/2009/ത.സ്വ.ഭ.വ നംമ്പർ ഉത്തരവിലെ നിർദേശങ്ങൾ പ്രകാരം എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് നടത്തണമെന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും 2015-16 വർഷം യോഗം ചേർന്നിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനും ഓഫീസിന്റെ മൊത്തം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന രീതിയിൽ എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് ചേരാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക-21 പ്രകാരം ഓരോ സെക്ഷനുകളിലും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ രജിസ്റ്ററിലെയും ആദ്യ കടലാസിൽ സെക്ഷൻ സൂപ്രണ്ടിന്റെയും രജിസ്റ്റർ സൂക്ഷിക്കുന്ന ക്ലർക്കിന്റെയും പേര് എഴുതി ചേർത്തിരിക്കേണ്ടതുമാണ്. ലഭ്യമാക്കിയ പേഴ്സണൽ രജിസ്റ്ററുകളിൽ സെക്ഷൻ മേധാവിയുടെയും ക്ലർക്കിന്റെയും പേര് ചേർത്തിട്ടില്ല. രജിസ്റ്ററുകളിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. 6 മുതൽ 10 വരെയുള്ള കോളങ്ങൾ ഒന്നും ചേർക്കാത്ത അവസ്ഥയിലാണ്. എം.ഒ.പി. ഖണ്ഡിക-150പ്രകാരം സൂപ്രണ്ടുമാർ പേഴ്സണൽ രജിസ്റ്റർ പരിശോധിക്കേണ്ടതിന്റെ ഒരു ഷെഡ്യൂൾ ഓഫീസ് മേധാവി തയ്യാറാക്കുകയും അതനുസരിച്ച് പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിക്കേണ്ടതുമാണ്. പേഴ്സണൽ രജിസ്റ്റർ മാസാന്ത്യത്തിലും വർഷാന്ത്യത്തിലും സംഗ്രഹം എഴുതി നീക്കിയിരിപ്പ് ഫയലുകളുടെ വിവരം സാക്ഷ്യപ്പെടുത്തുന്നില്ല. ഓരോ പേഴ്സണൽ രജിസ്റ്ററിനോടൊപ്പവും ഒരു കലണ്ടർ വർഷം നീളുന്ന ഒരു തുടർ കുറിപ്പ് ഫയൽ (Running Note file)സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റിനു ലഭ്യമാക്കിയ പേഴ്സണൽ രജിസ്റ്ററുകൾ സെക്ഷൻ മേധാവി പരിശോധിച്ചതായി കാണുന്നില്ല.

മുനിസിപ്പാലിറ്റിയിലെ ഭൂരിഭാഗം ജീവനക്കാരും പേഴ്സണൽ ക്യാഷ് രജിസ്റ്ററിൽ കൈവശമുള്ള തുക എഴുതി ഒപ്പു വയ്ക്കുന്നില്ല. ഇക്കാര്യം ഓഫീസ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 5, 5(3)(4) എന്നിവ പ്രകാരം സ്ഥാപനത്തിൽ സൂക്ഷിക്കേണ്ട പ്രധാന രേഖയായ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. അക്കൗണ്ടിംഗിന് സാംഖ്യ ഓൺലൈൻ രീതി നിലവിൽ വന്നതിനു ശേഷം ഓരോ ദിവസവും അവസാനത്തിൽ ക്യാഷ് ബുക്ക് സമ്മറി പ്രിന്റ് എടുത്ത് അക്കൗണ്ടന്റ്, കാഷ്യർ / അക്കൗണ്ട് ഓഫീസർ എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല.

### 2-2 ഷോപ്പിംഗ് കോംപ്ലക്സ് വാടക - അപാകങ്ങൾ

1. വാടക കുടിശ്ശിക ഈടാക്കിയില്ല

ഷോപ്പിംഗ് കോംപ്ലക്സിലെ 7/962 A5(B11)-)o നമ്പർ മുറി ശ്രീ ടി.വി. സദാനന്ദൻ എന്നയാൾക്ക് മട്ടന്നൂർ മുനിസിപ്പാലിറ്റി വാടകയ്ക്ക് നൽകിയതിന് ശേഷം ടിയാൻ അതേമുറി മറ്റൊരാൾക്ക് വാടകയ്ക്ക് കൊടുത്തതായി നഗരസഭക്ക് ബോധ്യപ്പെട്ടതിനെ തുടർന്ന് നഗരസഭ വാടകയ്ക്ക് നൽകിയ മുറി ഏറ്റെടുക്കുകയും ബഹു. ജില്ലാ കലക്ടറുടെ 22.5.15 ലെ നിർദേശത്തെ തുടർന്ന് കൗൺസിലിന്റെ സി.ആർ. നം 1/10.6.15 തീരുമാന പ്രകാരം 2015 ജൂൺ മാസം മുതൽ അക്ഷയ കേന്ദ്രം നടത്തുന്നതിനായി പ്രതിമാസം ₹ 4,000 യ്ക്ക് ശ്രീ ബിജു. വി. എന്നയാൾക്ക് വാടകയ്ക്ക് നൽകുകയും ചോയ്തിട്ടുണ്ട്. 2015ജൂൺ മാസം മുതലുള്ള വാടക ശ്രീ. ബിജു. വി. ഒടുക്കിയിട്ടുണ്ട്. എന്നാൽ 2015ഏപ്രിൽ, മെയ് മാസങ്ങളിലെ വാടക ശ്രീ ടി.വി. സദാനന്ദനിൽ നിന്നും ഈടാക്കിയട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സിന്റെ ബൈലോയിലെ ഖ. 30 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ടിയാനിൽ നിന്നും വാടക ഈടാക്കേണ്ടതാണ്.

2. 'കിൻഫ്ര' യുടെ വാടക അടച്ചത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നില്ല

i) വാടക അടച്ചത് സംബന്ധിച്ച വിവരങ്ങൾ വാടക രജിസ്റ്ററിൽ ചേർക്കുന്നില്ല.

നഗരസഭയുടെ പഴയ ഓഫീസ് കെട്ടിടത്തിൽ (റൂം നം. 7/1374) പ്രവർത്തിക്കുന്ന 'കിൻഫ്ര' 2014-15 മുതൽ വാടക അടച്ചത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നില്ല.

ii) ₹ 3,56,256 വാടക കുടിശ്ശിക - ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി പ്രകാരം 2016 ഡിസമ്പർ 31 ന് വാടക ഇനത്തിൽ കുടിശ്ശികയായി ₹3,56,256 'കിൻഫ്ര' യിൽ നിന്നും ലഭിക്കാനുണ്ട്. ഈ തുക ഓഡിറ്റ് സമയം വരെ ലഭിച്ചിട്ടില്ല. വാടക കുടിശ്ശികയുടെ പിഴയും പിഴപ്പലിശയും അടക്കാൻ 'കിൻഫ്ര' തയ്യാറാകാത്ത സാഹചര്യത്തിൽ ഇത്തരത്തിൽ കുടിശ്ശിക വരുത്തുന്നത് നഗരസഭക്ക് നഷ്ടമുണ്ടാക്കുന്നു. ഇത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെയുത്തുന്നു.

3. തനത് വരുമാന ഇനങ്ങളുടെ വരവ് വിവരങ്ങൾ കൃത്യതയോടെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

നഗരസഭയുടെ വിവിധ തനത് വരവുകളുടെ വിവരങ്ങൾ കൃത്യതയോടെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. നഗരസഭയുടെ ഉടമസ്ഥതയിൽ വാടക നിരക്ക് നിശ്ചയിച്ച് നൽകിയ മുറികളുടെ വിവരങ്ങൾ, കരാറുകാരന്റെ പേര്, വിലാസം, ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര്, കൗൺസിൽ നിശ്ചയിച്ച വാടക ഡെപ്പോസിറ്റ്, പ്രതിമാസ കിസ്റ്റ്, ലേല ബൈലോ പ്രകാരം തുക ഈടാക്കുന്നതിന്റെ നാൾ വഴി, പിഴപ്പലിശ ഒടുക്കിയതിന്റെ വിവരങ്ങൾ, ഓരോയിനത്തിന്റെയും വാർഷിക ഡി.സി.ബി പത്രിക എന്നി വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ ലേലം, ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ എന്നിവ നഗരസഭാ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായും കാണുന്നില്ല.

4. വാടക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും വാടകയിനത്തിൽ ലഭിക്കുന്ന തുകയെ സംബന്ധിച്ചുള്ള കൃത്യമായ വിവരം കാണിക്കുന്ന രജിസ്റ്ററിൽ ലഭിക്കാനുള്ള തുക, ലഭിച്ച തുക, കുടിശ്ശിക എന്നിവയുടെ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 2-3 ഡി & ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

നഗരസഭയുടെ ഓഡിറ്റ് വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ₹10,354 യും ഡി & ഒ

ലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്റർ പ്രകാരം ₹13,680 യും ലൈസൻസ് ഫീയിനത്തിൽ തൻവർഷം കുടിശ്ശികയുണ്ട്. വാർഷിക കണക്കിലെയും രജിസ്റ്ററിലെയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. മുൻ വർഷങ്ങളിലെ കുടിശ്ശികയായി ₹4,87,158 യും വാർഷിക കണക്കിൽ കാണിച്ചിട്ടുണ്ട്. നഗരസഭയിൽ ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447, 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 (1), (2) പട്ടിക I,II പട്ടികകളിൽ പറഞ്ഞിട്ടുള്ള വ്യാപാരത്തിനോ പ്രവർത്തിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യാപാരത്തിനോ വേണ്ടി മുനിസിപ്പൽ പ്രദേശത്തെ ഒരു സ്ഥലം ഏതെങ്കിലും ആൾ ഉപയോഗപ്പെടുത്തുന്നത് മുനിസിപ്പാലിറ്റിക്ക് മേൽ വകുപ്പിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ലൈസൻസ് മൂലം നിയന്ത്രിക്കാവുന്നതാണ്. എന്നാൽ മേൽ വിവരിച്ച രീതിയിൽ കുടിശ്ശിക വരുന്നത് നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. നഗരസഭാ പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന എന്ന് ഉറപ്പു വരുത്തുന്നതിലേക്കും മുഴുവൻ കുടിശ്ശികയും പിരിച്ചെടുക്കുന്നതിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 മിനി വ്യവസായ എസ്റ്റേറ്റ് - സംരംഭകർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തത് വരുമാനനഷ്ടത്തിന് കാരണമാകുന്നു

മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ കല്ലൂർ പ്രദേശത്ത് റീ.സ.47/1 സി,47/2,47/3 എന്നിവയിൽപ്പെട്ട 3.5 ഏക്കർ സ്ഥലം വ്യവസായ സംരംഭർക്ക് വ്യവസായ ആവശ്യത്തിന് കെട്ടിടം പണിയുന്നതിനായി 1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കുറഞ്ഞ വാടകയ്ക്ക് ലീസിന് നൽകിയിട്ടുണ്ട്. വിവിധ വിസ്തീർണ്ണത്തിലുള്ള 18 പ്ലോട്ടുകളായി തിരിച്ച് നമ്പറിട്ട് ആവശ്യക്കാർക്ക് നൽകിയിട്ടുണ്ട്.

മിനി വ്യവസായ എസ്റ്റേറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 31-1-2001 മുതൽ ലേല നിബന്ധനകൾ തയ്യാറാക്കിയിട്ടുണ്ട്. നിബന്ധന-13 പ്രകാരം പ്രതിമാസ വാടക ഓരോ മാസവും 15-ാം തീയതിക്കു മുമ്പായി ലീസിന് എടുക്കുന്നയാൾ അടവാക്കേണ്ടതും വീഴ്ച വരുത്തുന്ന പക്ഷം പ്രതിമാസം 3 ശതമാനം നിരക്കിൽ പിഴ പലിശ വസൂൽ ചെയ്യുന്നതാണെന്നും തുടർച്ചയായി 3 മാസത്തിലേറെ വീഴ്ചവരുത്തുന്ന സംരംഭകരുടെ പ്ലോട്ടിലുള്ള സ്ഥാവര ജംഗമ വസ്തുക്കൾ വിൽപ്പന നടത്തി ലഭിക്കുന്ന തുക മുനിസിപ്പാലിറ്റിക്ക് ലഭിക്കാനുള്ള കുടിശ്ശികയിലേക്ക് മുതൽക്കൂട്ടുമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ പ്ലോട്ട് നം J മാത്രമേ 2015-16ലെ വാടക കൃത്യമായി അടച്ചിട്ടുള്ളൂ.

മുനിസിപ്പാലിറ്റിയുടെ ഈ മിനി വ്യവസായ എസ്റ്റേറ്റിൽ 9 സംരംഭകർ മാത്രമെ നാളിതുവരെയായും പ്രവർത്തിച്ചുവരുന്നുള്ളൂ. ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി അനുസരിച്ച് 2പ്ലോട്ടുകളുടെ ലീസ് റദ്ദാക്കിയിട്ടുണ്ട്. വാടക കൃത്യമായി അടക്കാത്തതിന് കാരണം വ്യവസായം തുടങ്ങാൻ സാധിക്കാത്തതിനാലാണ് എന്നാണ് ലൈസൻസികൾ മറുപടി നൽകിയതെന്നാണ് നഗരസഭ അറിയിച്ചത്. അനുവദിച്ച പ്ലോട്ടുകൾ ഉപയോഗിക്കാതെ കിടക്കുന്നത് കാരണം കാട് മൂടി കിടക്കുന്ന അവസ്ഥയാണുള്ളത്. അതോടൊപ്പം മുനിസിപ്പാലിറ്റിക്ക് വരുമാനനഷ്ടവും ഉണ്ടാകുന്നു. ഓരോ പ്ലോട്ടിലേക്കും വാഹനം എത്തിച്ചേരുന്നതിനുള്ള റോഡ് സൗകര്യവും വ്യവസായ സംരംഭകരെ ആകർഷിക്കും വിധം വേണ്ട അടിസ്ഥാന സൗകര്യങ്ങളും പ്രദാനം ചെയ്ത് നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. സാങ്കേതികാനുമതികളും വിവിധ വകുപ്പുകളുടെ അനുമതികളും ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പ്രസ്തുത സ്ഥലം 'പ്രത്യേക വ്യാവസായിക മേഖല' യായി പ്രഖ്യാപിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷ അയച്ചിട്ടുള്ളായി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഇതിന്റെ നടപടികൾ

ത്വരിതപ്പെടുത്തുന്നതിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 ബസ് സ്റ്റാന്റ് ഫീസ് പിരിവ് - ലേലത്തുകയിൽ ₹1,23,334 അടച്ചില്ല, പിഴ ഈടാക്കിയതിൽ ₹8,727 യുടെ കുറവ്

മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2015-16 വർഷത്തേക്കുള്ള ബസ് സ്റ്റാന്റ് ഫീസ് പിരിക്കുന്നത് ലേലം ചെയ്തതുമായി ബന്ധപ്പെട്ട് എം. ശ്രീധരൻ, മാരാമംഗലത്ത് ഹൗസ്, കാപ്പാട് - പി.ഒ, കണ്ണൂർ എന്നയാൾക്ക് മുനിസിപ്പൽ സെക്രട്ടറിയുടെ 31-3-2015 ലെ R2-19140/13 നം. ഉത്തരവ് പ്രകാരം 1-4-2015 മുതൽ 31-3-2016 വരെയുള്ള കാലത്തേക്ക് ബസ് സ്റ്റാന്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ₹5,10,000  യ്ക്ക് നൽകിയിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം 31-3-15 ന് ₹1,70,000 ഒടുക്കിയിട്ടുണ്ട്. ബാക്കിയുള്ള തുക 3 തുല്യ ഗഡുക്കളായി 2015 മെയ്, ജൂലൈ, സെപ്തംബർ മാസങ്ങളിൽ 15-)o തീയതിക്കു മുമ്പായി അടക്കണമെന്നാണ് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അടക്കാൻ വൈകുന്ന ഓരോ മാസത്തിനും 2% പിഴ കൂടി അടക്കേണ്ടതാണ്.

ലേലത്തുകയിൽ ഒടുക്കാൻ ബാക്കിയുള്ള തുക ഒടുക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| തുക ഒടുക്കേണ്ട തീയതി | ഒടുക്കേണ്ട തുക ₹ | ഒടുക്കിയ തുക ₹ | രശീതി നമ്പർ തീയതി | ഒടുക്കേണ്ടപിഴ ₹ | ഒടുക്കിയ പിഴ ₹ | തുക ഒടുക്കുന്നതിൽ വന്ന കുറവ് ₹ |
|---|---|---|---|---|---|---|
| 15-5-2015 | 1,13,333 | 38,600 | 105481/9.7.15 | 1,544 | 2,316 | -852 |
| | | 40,000 | 107912/24.8.15 | 3,200 | - | 3,200 |
| | | 20,000 | 103164/30.10.15 | 2,400 | - | 2,400 |
| | | 14,733 | 104076/6.11.15 | 1,768 | 11,494 | -9726 |
| 15-7-15 | 1,13,333 | 3,333 | 104076/6.11.15 | 265 | 450 | -185 |
| | | 1,00,000 | 108943/10.02.16 | 14,000 | - | 1,4000 |
| 15-9-15 | 1,13,334 | - | | - | - | |
| ആകെ | 3,40,000 | 2,16,666 | | 23,137 | 14,260 | 8,917 |

ടിയാൻ 10-02-2016 വരെ തുക ഒടുക്കിയതിന്റെ പിഴയിനത്തിൽ ബാക്കിയുള്ള ₹8,917യും ഒടുക്കാൻ ബാക്കിയുള്ള ലേലത്തുകയായ ₹1,23,334 യും അതിന്റെ പിഴയായ ₹17,667 (10,000 x 18% + 1,13,334 x 14%) യും ഉൾപ്പെടെ 31-3-2016 ന് ആകെ ₹1,49,918 ഈടാക്കാനുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ₹1,41,201 റവന്യൂ റിക്കവറി വഴി ഈടാക്കാനുള്ള

നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഓഡിറ്റ് ചൂണ്ടിക്കാണിച്ച ബാക്കിയുള്ള ₹ 8727 അടക്കാൻ രജിസ്റ്റേഡ് തപാലിൽ അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പിഴയിനത്തിൽ ബാക്കിയുള്ള ₹8,727 കൂടി ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-6 പാരാ മെഡിക്കൽ രജിസ്ട്രേഷൻ നടത്തുന്നില്ല.

നഗരസഭയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രി / സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. നഗരസഭാ പരിധിയിൽ ഓഡിറ്റ് കാലയളവിൽ പ്രവർത്തി ച്ചിരുന്ന (ഡി & ഒ രജിസ്റ്റർ പ്രകാരം) മലബാർ ഡയഗ്നോസ്റ്റിക് സെന്റർ, കൈലാസ് ഓഡിറ്റോറിയം, അമ്പലം റോഡ്, മട്ടന്നൂർ എന്ന സ്ഥാപനം മേൽ ചട്ടപ്രകാരം രജിസ്ട്രേഷൻ നടത്തിയിട്ടില്ല. കൂടാതെ 2014-15 വർഷം രജിസ്ട്രേഷൻ നടത്തിയ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഓഡിറ്റ് വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | ഉടമയുടെ പേര് | സ്ഥാപനം | രശീത് നമ്പർ /തീയ്യതി |
|---|---|---|---|
| 1 | റോമള സി പി | മോഡേൺ മെഡിക്കൽ ലാബ്, തലശ്ശേരി റോഡ് | 116232/22-02-14 |
| 2 | പി കെ അശോകൻ | എസ് വി എക്സ്-റേ , ഇരിട്ടി റോഡ് | 117030/28-02-14 |
| 3 | ഡോ. ഇ സുധീർ | ജമുന ഹോമിയോ ക്ലിനിക്ക്, തലശ്ശേരി റോഡ് | 117558/07-03-14 |
| 4 | സംയുക്ത വിനോദ് | ഐഡിയൽ ഹെൽത്ത് സെന്റർ, തലശ്ശേരി റോഡ് | 117915/12-03-14 |
| 5 | ബിജുമോൻ | മട്ടന്നൂർ ആയുർവ്വേദിക് മെഡിക്കൽ സെന്റർ, ഗവ. ആശുപത്രിക്ക് സമീപം | 116562/25-02-14 |

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രി / സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനവും മേൽ ചട്ടപ്രകാരം രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ് സി കുടുംബങ്ങൾക്ക് സാംസ്കാരിക നിലയം പണിയാൻ ഭൂമി വാങ്ങൽ - അപാകങ്ങൾ

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 243/16

പ്രോജക്ടിന്റെ പേര് : എസ് സി കുടുംബങ്ങൾക്ക് സാംസ്കാരിക നിലയം പണിയാൻ

സ്ഥലമെടുക്കൽ

അടങ്കൽ : ₹ 29,70,000 വികസന ഫണ്ട്-എസ്.സി.പി

ചെലവ് തുക : ₹ 28,19,142

ബിൽ നമ്പർ : 34/15-16/23-3-2016

മട്ടന്നൂർ നഗരപരിധിയിലെ പട്ടികജാതി വിഭാഗക്കാരുടെ പൊതുവായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് ഒരു സാംസ്കാരിക സ്ഥാപനം പണിയുന്നതിന് സ്ഥലം വാങ്ങുന്നതിനാണ് ഈപ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ സ്ഥലം വാങ്ങുന്നതിനാണ് പ്രോജക്ടിന് അംഗീകാരം നൽകിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ഇരിട്ടി താലൂക്ക്, പഴശ്ശി അംശം, കരേറ്റ ദേശത്ത് റീ. സ. 61/2 ൽസി പി ഐ (എം) മട്ടന്നൂർ ഏറിയാ കമ്മിറ്റിയുടെ ഉടമസ്ഥതയിൽ(പഴശ്ശി വില്ലേജ് ഓഫീസറുടെ പൊസഷൻ സർടിഫിക്കറ്റ് നമ്പർ - 15667209/28-12-15) പെട്ട 36.6 സെന്റ് സ്ഥലത്ത് 1500 മീറ്റർ സ്ക്വയർ വരെയുള്ള ഓഡിറ്റോറിയം നിർമിക്കാൻ അനുയോജ്യമാണെന്ന് മുൻസിപ്പൽ എഞ്ചിനീയർ 28-2-16 ന് സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതിയുടെ 06-01-16ലെ 19-)O നമ്പർ തീരുമാന പ്രകാരം വാങ്ങാൻ തീരുമാനിച്ചു. മേൽ സ്ഥലത്തിന്റെ വില നിശ്ചയിച്ചു നൽകുന്നതിനു വേണ്ടി നഗരസഭസെക്രട്ടറി 11-01-16 ലെ R2-17917/15 നമ്പർ കത്ത് പ്രകാരം ബഹു. കണ്ണൂർ ജില്ലാകലക്ടറോട് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 08-03-16 തീയ്യതിയിലെ C1-2016/927/13 ഉത്തരവു പ്രകാരം ഈ ഭൂമിക്ക് സെന്റിന് ₹ 54984 യായി ബഹു. കണ്ണൂർ ജില്ലാകലക്ടർ വില നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ബഹു.ജില്ലാകലക്ടർ നിശ്ചയിച്ചു നൽകിയ തുക തുഛമായതിനാൽ വർധനവു വരുത്തണമെന്ന സ്ഥലമുടമയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലമുടമയായ ചന്ദ്രബാബുവിനെ പ്രതിനിധീകരിച്ച് ശ്രീ. പി സുരേഷ് ബാബു, ശ്രീ. പി കുഞ്ഞികൃഷ്ണൻ മാസ്റ്റർ എന്നിവരുമായി ബഹു.നഗരസഭാ ചെയർമാന്റെ ചേമ്പറിൽ 9-3-16 ന് നടന്ന കൂടിക്കാഴ്ചയിൽ കൗൺസിൽ തീരുമാനത്തിനു വിധേയമായി മേൽ സ്ഥലം സെന്റിന് ₹71,000 നിരക്കിൽ വാങ്ങുന്നതിന് ബഹു. ചെയർമാൻ മുൻകൂർ അനുമതി നൽകി ഉത്തരവാക്കി.

ആയതിന്റെ അടിസ്ഥാനത്തിൽ 2016 മാർച്ച് മാസം 19 തീയ്യതിയിൽ മട്ടന്നൂർ സബ്റജിസ്റ്റാർ ഓഫീസിലെ 685/1/2016 നമ്പറായി മട്ടന്നൂർ നഗരസഭയുടെ പേരിൽ പ്രസ്തുത സ്ഥലം റജിസ്റ്റർ ചെയ്തു. 8-6-16 ലെ 8 ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി, ബഹു. ചെയർമാന്റെ മുൻകൂർ അനുമതി പ്രകാരം സ്ഥലം വാങ്ങിയ നടപടി അംഗീകരിച്ചു. സ്ഥലം വാങ്ങലിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | തുക ₹ |
|---|---|
| വസ്തുവിന്റെ വില | 25,98,600 |
| റജിസ്ട്രേഷൻ ഫീസ് | 52,042 |
| മുദ്ര പത്രം വില | 1,56,000 |
| ആധാരം എഴുത്ത് കൂലി | 10,000 |
| പ്ലാൻ / മറ്റ് ചെലവുകൾ | 2,500 |
| ആകെ | 28,19,142 |

ഓഡിറ്റ് നിരീക്ഷണങ്ങൾ

1. ഭൂമി വാങ്ങലുമായി ബന്ധപ്പെട്ട് കുടിക്കട സർട്ടിഫിക്കറ്റ്, നിയമോപദേശം എന്നിവ വാങ്ങിയതിന്റെ രേഖകളില്ല.
2. 2015-16 സാമ്പത്തിക വർഷം മുഴുവൻ ചെലവുകളും നടത്തിയതിനുശേഷം 8/8-6-2016 നമ്പർ തീരുമാനപ്രകാരം 2016-17 സാമ്പത്തികവർഷം മാത്രമാണ് ഒരു സെന്റിന് ₹ 71,000 യ്ക്ക് ഭൂമി വാങ്ങുന്നതിന് ഭരണസമിതിയുടെ അംഗീകാരം ലഭിക്കുന്നത്.
3. ഭൂമി വിൽപ്പന നടത്തിയവർക്ക് സ്ഥലത്തിന്റെ വില ലഭിച്ചതിന്റെ കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
4. മേൽ പ്രകാരം വാങ്ങിയ ഭൂമിയുടെ പോക്കുവരവ് നാളിതുവരെ നടത്തുകയോ ഭൂനികുതി അടവാക്കുകയോ ചെയ്തിട്ടില്ല.

മേൽ കാരണങ്ങളാൽ എസ് സി കുടുംബങ്ങൾക്ക് സാംസ്കാരിക നിലയം പണിയാൻ സ്ഥലമെടുക്കുന്നതിന് ചെലവഴിച്ച ₹28,19,142 തടസ്സപ്പെടുത്തുന്നു.

## 3-2 പേവിഷ നിയന്ത്രണ പരിപാടി - സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക പണമായി നൽകി

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ |
| പ്രോജക്ട് നം | 04/16/17 |
| അടങ്കൽ | ₹25,000 (വികസന ഫണ്ട്) |
| ചെലവ് | ₹21,000 |
| ബിൽ നം, തീയതി | 4/15-16/10-3-2016 |

പേവിഷ നിയന്ത്രണത്തിന്റെ ഭാഗമായി മുനിസിപ്പാലിറ്റി പരിധിയിലെ വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിനായി ₹ 25,000 വികസന ഫണ്ടിൽ വകയിരുത്തിയ പദ്ധതിയാണിത്. 2016 മാർച്ച് 1 മുതൽ 34 ക്യാമ്പുകളിലായി ആകെ 500 വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിനായി ₹21,000 ചെലവഴിച്ചിട്ടുണ്ട്. സ.ഉ (അ)177/2006 ധന. 12.4.2006 ലെ ഖ. 8.2 പ്രകാരം വ്യക്തി/സ്ഥാപനം/കോൺട്രാക്ടർ/സപ്ലൈയർക്കുള്ള ₹1,000 മുകളിലുള്ള തുക ഡി.ഡി യായി നൽകണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ചുവടെ കാണിച്ചിരിക്കുന്ന തുക പണമായാണ് നൽകിയിട്ടുള്ളത്.

| ക്രമ നം | വ്യക്തി/സ്ഥാപനം | തുക ₹ | രശീതി നം,തീയതി |
|---|---|---|---|
| 1 | കോ. ഓപറേറ്റിവ് ഓഫ്സെറ്റ് പ്രസ്സ്, മട്ടന്നൂർ | 1550 | 24214/11.3.16 |
| 2 | ലാൽജൻ ഫ്ലക്സ് പ്രിന്റിംഗ്, മട്ടന്നൂർ | 4160 | 1751/11.3.16 |

| | | | |
|---|---|---|---|
| 3 | എ.കെ. അശോക് കുമാർ, ഡ്രൈവർ (KL 58C 585) | 15160 | നം, ഇല്ല/23.3.16 |

ഭാവിയിൽ മേൽ പറഞ്ഞിരിക്കുന്ന സർക്കാർ നിർദ്ദേശമനുസരിച്ച് മാത്രം ധനവിനിയോഗം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 സമഗ്ര വിദ്യാഭ്യാസ പദ്ധതി- നഗരസഭയുടെ ചുമതലയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ചെലവഴിച്ച ₹4,50,000തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ, ജി യു പി എസ് , മട്ടന്നൂർ

പ്രോജക്റ്റ് നമ്പർ / പേര് : 281/16 സമഗ്ര വിദ്യാഭ്യാസ പദ്ധതി

അടങ്കൽ : ₹9,00,000 വികസന ഫണ്ട്

ചെലവ് തുക : ₹ 8,25,000

ചെലവിനങ്ങൾ

| ക്രമ നമ്പർ | ചെലവിനം | ചെലവ് തുക ₹ |
|---|---|---|
| 1 | ഹരിശ്രീ പദ്ധതി | 3,75,000 |
| 2 | കോംപ്ലക്സ് സ്പോട്സ്(സ്പോട്സ് മേള) | 40,000 |
| 3 | വോളിബോൾ പരിശീലനം | 46,000 |
| 4 | കലാപോഷണം (നൃത്ത സംഗീതപരിശീലനം) | 1,14,000 |
| 5 | കളരി പരിശീലനം | 1,50,000 |
| 6 | കായിക പരിശീലനം | 1,00,000 |
| | ആകെ | 8,25,000 |

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30(1) വകുപ്പ് ഒന്നാം പട്ടികയിൽ ഉൾപ്പെട്ട നഗരസഭയുടെ അനിവാര്യചുമതലകൾ, പൊതുവായ ചുമതലകൾ, മേഖലാ ചുമതലകൾ എന്നിവയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തി വികസനഫണ്ട് ചെലവാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. കോംപ്ലക്സ് സ്പോട്സ്(സ്പോട്സ് മേള)

ചെലവ് തുക ₹ 40,000 ബിൽ നമ്പർ-9/15-16/28-3-16

നഗരസഭപരിധിയിലെ പ്രൈമറി വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ കായിക ശേഷി വർധിപ്പിക്കുന്നതിനും കായിക മത്സരങ്ങളിൽ മുന്നേറുന്നതിനും ലക്ഷ്യമിട്ടാണ് കോംപ്ലക്സ് സ്പോട്സ് നടത്തിയിരിക്കുന്നത്. എൽ പി വിഭാഗം കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് രണ്ട് ദിവസത്തെ കായികമത്സരങ്ങൾ നടത്തിയിരിക്കുന്നത്.

| ഇനം | ചെലവ് തുക₹ |
|---|---|
| സൗണ്ട് സിസ്റ്റം | 9230 |
| സ്റ്റേഷനറി | 950 |
| ട്രാക്ക് | 550 |
| ജഡ്ജസ് | 8000 |
| മെഡൽ | 2610 |
| ഭക്ഷണം | 18660 |
| ആകെ | 40000 |

2. വോളി പരിശീലനം

ചെലവ് തുക ₹ 46,000 ബിൽ നമ്പർ-2/15-16/18-3-16

നഗരസഭപരിധിയിലെ യുപി, ഹൈസ്കൂൾ വിഭാഗം കുട്ടികളുടെ കായിക ശേഷി വർധിപ്പിക്കുന്നതിനും മികച്ച വോളിബോൾ കളിക്കാരെ വാർത്തെടുക്കുന്നതിനുമാണ് ഈ പ്രോജക്ട് നടപ്പിലാക്കിയത്.

| ഇനം | ചെലവ് തുക ₹ |
|---|---|
| വോളിബോൾ നെറ്റ് | 5000 |
| വോളിബോൾ | 3000 |
| ലഘുഭക്ഷണം | 2800 |
| ജഴ്സി | 10,000 |
| ആകെ | 46,000 |

3. കലാപോഷണം(നൃത്ത സംഗീത പരിശീലനം)

ചെലവ് തുക ₹ 1,14,000 ബിൽ നമ്പർ-4/15-16/23-3-16

കുട്ടികളിലെ കലാപരമായ കഴിവ് വളർത്തിയെടുക്കുന്നതിനും പാവപ്പെട്ട കുട്ടികൾക്ക് കലാപരിപാടികളിൽ പങ്കാളിത്തം ലഭിക്കുന്നതിനും ഉപജില്ലാ, ജില്ലാ കലോത്സവങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്നതിനുമാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. നഗരപരിധിയിലെ 20 വിദ്യാലയങ്ങളിലും നൃത്തം,സംഗീതം, കവിത, ലളിതഗാനം, നാടൻപാട്ട്, നാടകം എന്നിവയിൽ

പരിശീലനം നൽകിയതിനാണ് ₹1,14,000 ചെലവാക്കിയിട്ടുള്ളത്.

4. കളരി പരിശീലനം

ചെലവ് തുക ₹ 1,50,000 ബിൽ നമ്പർ-7/15-16/28-3-16

ആയോധനകലകളിൽ പ്രാവീണ്യം നേടുന്നതിനും അന്യം നിന്നുപോകുന്ന കായികപദ്ധത്കൾ സംരക്ഷിക്കുന്നതിനും സ്വയം പ്രതിരോധ ശേഷി നേടുന്നതിനും വേണ്ടിയുള്ള പ്രോജക്ടാണിത്. ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ഇനം | ചെലവ് തുക ₹ |
|---|---|
| ഗുരിക്കളുടെ ഫീസ് | 40,000 |
| കളരി എണ്ണ | 34,400 |
| വടി ചൂരൽ | 11,600 |
| ലഘുഭക്ഷണം | 64,000 |
| ആകെ | 1,50,000 |

5. കായിക പരിശീലനം(സമഗ്ര കായികപദ്ധതികൾ)

ചെലവ് തുക ₹ 1,00,000 ബിൽ നമ്പർ-3/15-16/18-3-16

നഗരസഭപരിധിയിലെ വിദ്യാർത്ഥികളുടെ കായിക നിലവാരം വർധിപ്പിക്കുന്നതിനു വേണ്ടിയാണ് ഈ പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

| ഇനം | ചെലവ് തുക ₹ |
|---|---|
| ജഴ്സി | 20,000 |
| ലഘുഭക്ഷണം | 60,000 |
| പരിശീലകർക്ക് ബത്ത | 20,000 |
| ആകെ | 1,00,000 |

മേൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുവാദം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 13ന് നല്കിയ മറുപടിയിൽ അനുമതി വാങ്ങിയതായി അറിയില്ല എന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. മേൽ പ്രോജക്റ്റ് പ്രകാരം ആകെ ചെലവഴിച്ച ₹8,25,000 യിൽ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് വേണ്ടി നടപ്പിലാക്കിയ ഹരിശ്രീ പദ്ധതിക്കായി ചെലവഴിച്ച ₹3,75,000 ഒഴികെയുള്ള തുകയായ ₹4,25,000 നഗരസഭയുടെ ചുമതലയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കാണ് ചെലവഴിച്ചത്. ആയതിനാൽ ₹4,25,000 (40,000+ 46000+ 114000+ 150000+ 100000)യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 കേന്ദ്രസഹായം - ചെലവഴിക്കാത്ത തുക സത്വരമായി വിനിയോഗിക്കേണ്ടതാണ്

